# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3386** **14.07.2015- ൽ മറുപടിക്ക്**

**കൈത്തറിമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കൈത്തറിമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രധാന കണ്ടെത്തലുകൾ എന്ന് വിശദമാക്കുമോ ; | (എ) ഉണ്ട്. കൈത്തറി മേഖലയിലെ പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് അരക്കൻ ബാലൻ ചെയർമാനായ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) വ്യാജ കൈത്തറി വസ്ത്രത്തിന്റെ കടന്നുകയറ്റം ഈ പരമ്പരാഗത തൊഴിൽ മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) അന്യ സംസ്ഥാനത്തു നിന്നും മറ്റും യന്ത്രത്തറികളിൽ നിർമ്മിച്ചതും ഗുണനിലവാരം കുറഞ്ഞതുമായ ഉത്പന്നങ്ങൾ കൈത്തറിയാണെന്ന വ്യാജേന വിൽപ്പന നടത്തുന്നത് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (സി) യഥാർത്ഥ കൈത്തറി വസ്തുങ്ങൾ തിരിച്ചറിയുന്നതിനായി കേന്ദ്രസർക്കാർ ഹാന്റ്ലൂം മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തുള്ള കൈത്തറി ഉത്പാദകർ അവരുടെ ഉൽപന്നങ്ങളിൽ കൈത്തറി മാർക്ക് ടാഗ് ചെയ്ത് കൃത്യമായി |

ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകി യിട്ടുണ്ട്. വ്യാജകൈത്തറി വിൽപന തടയുന്നതിന് ഹാന്റ് ലൂം മാർക്ക് സംബന്ധിച്ച് ദൃശ്യ,ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ ഉപഭോക്താക്ക ൾക്കായി വൻതോതിൽ പ്രചരണം നടത്തുന്നുണ്ട്. കൂടാതെ സ്കൂൾ തലത്തിലുള്ള വിദ്യാർത്ഥി കൾക്ക് ഇതു സംബന്ധിച്ച് അവബോധം നൽകുന്നതിനായി പെയിന്റിംഗ് മത്സരം നടത്തിവരുന്നു. അത്തംദിനത്തോടനു ബന്ധിച്ച് കോളേജു തലത്തിൽ സെമിനാറുകളും എക്സിബിഷനും സംഘടിപ്പിച്ച് ഹാന്റ് ലൂം മാർക്ക് സംബന്ധിച്ച് പ്രചരണം നടത്തി വരുന്നു. കൂടാതെ 1985 ലെ ഹാന്റ് ലൂം റിസർവേഷൻ ആക്ട് പ്രകാരം കൈത്തറിയിൽ മാത്രം ഉൽപാദിപ്പിക്കുന്ന 11 ഇനങ്ങൾ സംസ്ഥാനത്തിലെ പവ്വർലൂം യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നത് തടയുന്നതിനായി എൻ ഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി ഹാന്റ് ലൂം റിസർവേഷൻ ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള 11 ഇനങ്ങൾ നമ്മുടെ സഹകരണ പവ്വർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നുണ്ട്.

(ഡി) യഥാർത്ഥ കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഹാൻഡ് ലൂം മാർക്കിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ അടയാളം കൈത്തറി വസ്ത്രങ്ങൾക്ക് നിർബന്ധമാ ക്കുമോ?

(ഡി) നിലവിൽ കൈത്തറി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## ശ്രീ.അരക്കൻ ബാലൻ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

### 1.സാമ്പത്തിക സഹായ പദ്ധതികൾ

കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഹാൻ്റക്സിനേയും ഹാൻവീവിനേയും ശക്തിപ്പെടുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ കടബാദ്ധ്യതകൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് കമ്മിറ്റി ചുവടെ ചേർക്കുന്ന വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളെ സംബന്ധിച്ച് നിലവിലുള്ള കടബാധ്യതയും സാമ്പത്തിക ക്ലേശവും പരിഹരിക്കുന്നതിന് അനുയോജ്യമായ പുതിയ പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുക, ഇത്തരത്തിൽ ഒരുപദ്ധതി ആവിഷ്കരിക്കുന്നതിന് മുൻപ് ഈ പദ്ധതി കൊണ്ട് പ്രയോജനം സിദ്ധിക്കാൻ കഴിയുന്ന സംഘങ്ങളെ കണ്ടെത്തുക, പുനരുജ്ജീവിപ്പിക്കാൻ കഴിയാത്ത സംഘങ്ങളെ മറ്റു സംഘങ്ങളുമായി സംയോജിപ്പി ക്കുകയോ സമാപ്തീകരണം നടത്തുകയോ ചെയ്യുക.

കുടിശ്ശികയില്ലാതെ റിബേറ്റ് വിതരണം ചെയ്യണമെന്നും റിബേറ്റ് ദിനങ്ങളുടെ എണ്ണം 101 ആയി വർദ്ധിപ്പിക്കുക. കൂടാതെ കുറഞ്ഞ വരുമാനമുള്ള സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് നൽകുക, പ്രാഥമിക കൈത്തറി സംഘങ്ങളെ ആഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുക, സർക്കാർ ഓഹരി പങ്കാളിത്തത്തിന്റെ തോത് വർദ്ധിപ്പിക്കുക, സർക്കാർ വായ്പയ്ക്ക് പലിശ നിരക്ക് കുറയ്ക്കുക, ബാങ്ക് നൽകുന്ന പ്രവർത്തന മൂലധന വായ്പയ്ക്ക് ഈടാക്കുന്ന പലിശക്ക് സർക്കാർ സബ്സിഡി നൽകുക തുടങ്ങിയവ.

### 2)അടിസ്ഥാന വികസന മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുകയും അവയുടെ വില കുറച്ചു കൊണ്ടു വരികയും ചെയ്യുക, കൈത്തറി വ്യാപകമായുള്ള സ്ഥലങ്ങളിൽ നൂലിന്റെ വിവിധ സംസ്കരണ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ ഒരു കുടക്കീഴിൽ ഒരുക്കുക, കൈത്തറിയുടെ ഉൽപാദന ക്ഷമത ഉയർത്തുന്നതിനുള്ള സംവിധാനം ലഭ്യമാക്കുക എന്നിവ ഏർപ്പെടുത്തുന്നതിലൂടെ കൈത്തറി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

**3) ഉൽപാദന വിപണന മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ**

കൈത്തറി ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും ആകർഷകത്വവും വർദ്ധിപ്പിക്കുന്നതിനും അതു വഴി വിപണി മെച്ചപ്പെടുത്തുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ പരിശീലനം കാര്യക്ഷമമാക്കുകയും വിപണനം മെച്ചപ്പെടുത്തുകയും ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വ്യാജ ഉൽപന്നങ്ങളിൽ നിന്നും, ഇതര സംസ്ഥാനങ്ങളിലെ ഉൽപന്നങ്ങളിൽ നിന്നുമുള്ള ഭീഷണിക്കെതിരെ നടപടി ശക്തമാക്കണം.

**4) ഭരണ രംഗത്ത് വരുത്തേണ്ട വ്യതിയാനങ്ങൾ**

കൈത്തറി മേഖലയിൽ സർക്കാർ ധനസഹായം നൽകുന്നത് കൈത്തറി സഹകരണ സംഘങ്ങൾ വഴിയാകണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇതിനു വിരുദ്ധമായുള്ള പദ്ധതികൾ ഗുണകരമാവുകയില്ല എന്ന് വിലയിരുത്തിയിട്ടുണ്ട്.

കൈത്തറി മേഖലയുടെ വളർച്ചയ്ക്ക് പ്രത്യേകമായ ഒരു വകുപ്പ് രൂപീകരിക്കണമെന്നും ആ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ പുനർ വിന്യാസം ഫലപ്രദമായ രീതിയിലാക്കണം. കൂടാതെ ബന്ധപ്പെട്ട വകുപ്പ് ജീവനക്കാർക്കും സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും പരിശീലനം നൽകി പ്രാപ്തി വർദ്ധിപ്പിക്കണം. കൂടാതെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് മുമ്പ് വിശദമായ പഠനം നടത്തണമെന്നും അതുവഴി പദ്ധതികളിൽ കടന്നു കൂടുന്ന അപാകതകൾ ഒഴിവാക്കാണമെന്നും, അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ ശക്തമായ നടപടി എടുക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ